LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മേലധ്യക്ഷന്മാർ എന്നിവരിൽ നിന്നും തനത് വർഷം പത്തോളം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ടി അപേക്ഷകൾ പരിഗണിച്ച് 2014-15 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതമുപയോഗിച്ച് വാങ്ങിയ ഉപകരണങ്ങളും വാഹനങ്ങളും ഏറ്റവും അത്യാവശ്യമുള്ള നിലയങ്ങളിലേക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ 2015-16 സാമ്പത്തിക വർഷത്തിൽ സംസ്ഥാന പദ്ധതി വിഹിതമായ 272800000 രൂപയും ഒറ്റത്തവണ അധിക കേന്ദ്ര ധനസഹായമായ 92400000 രൂപയും വിനിയോഗിച്ച് ആധുനിക അഗ്നിശമന ജീവൻ രക്ഷാ ഉപകരണങ്ങളും വാഹനങ്ങളും വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) പുതിയ വാഹനങ്ങളും ഉപകരണങ്ങളും ലഭ്യമാകുന്നതനുസരിച്ച് ചേർത്തല നിലയത്തിനാവശ്യമായവ നൽകി പോരായ്മ പരിഹരിക്കുന്നതാണ്.

അഗ്നിശമന സേനയിലെ പഴക്കമുള്ള വാഹനങ്ങൾ

265 (2094) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്നിശമന സേനയിൽ പത്ത് വർഷത്തിൽ കൂടുതൽ പഴക്കമുള്ള വാഹനങ്ങൾ ഉണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ;

(ബി) ഏഴ് വർഷത്തിൽ കൂടുതൽ പഴക്കമുള്ള വാഹനങ്ങൾക്ക് പകരം പുതിയ വാഹനങ്ങൾ മൂന്ന് വർഷത്തിനകം വാങ്ങുമെന്ന 2012-13 ബഡ്ജറ്റിലെ പ്രഖ്യാപനം നടപ്പിലായിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(സി) 2012-13 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന സ്കൈലിഫ്റ്റ് പദ്ധതി, നഗര അഗ്നി സുരക്ഷാ പദ്ധതി ഇവ നടപ്പിലാക്കിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ഡി) 2012-13 ലെ ബഡ്ജറ്റിൽ അഗ്നിശമന സേനാവകുപ്പിലെ വിവിധ പദ്ധതികൾക്കായി വകയിരുത്തപ്പെട്ട ഉക എത്രയെന്നും ഓരോന്നിനും അനുവദിക്കപ്പെട്ട ഉക എത്രയെന്നും പിൻവലിക്കാതെ അവശേഷിച്ച ഉക എത്രയെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	വാഹനം	എണ്ണം
1	വാട്ടർ ടെണ്ടർ	121
2	മിനി വാട്ടർ ടെണ്ടർ	29
3	വാട്ടർ ലോറി	42
4	ക്രാഷ് ടെണ്ടർ	10
5	ഇൻഡസ്ട്രിയൽ വാട്ടർ ടെണ്ടർ	5
6	എമർജൻസി ടെണ്ടർ	15
7	റിക്കവറി വെഹിക്കിൾ	8
8	ജീപ്പ്	44
9	ആംബുലൻസ്	43
10	സ്റ്റോർവാൻ	1
	ആകെ	318 വാഹനങ്ങൾ

(ബി) നടപ്പിലാക്കിവരുന്നു. 2013-14-ലെ ബഡ്ജറ്റ് പ്രൊവിഷൻ അനുസരിച്ച് 9,04,91,580 രൂപ വിനിയോഗിച്ച് 81 ഷാസികൾ വാങ്ങുകയും 2012-13-ൽ വാങ്ങിയിട്ടിരുന്ന 2 ഷാസികളും ചേർത്ത് ആകെ 83 എണ്ണം വാട്ടർ ടെണ്ടറുകൾ ഫാബ്രിക്കേറ്റ് ചെയ്യുന്നതിനായി 14,94,00,000 രൂപ 2014-15-ലെ പ്ലാൻ ഫണ്ടിൽ നിന്നും അനുവദിച്ചിരുന്നു. ആയതനുസരിച്ച് 65 വാട്ടർ ടെണ്ടറുകൾ ഫാബ്രിക്കേറ്റ് ചെയ്തത് നിലയങ്ങളിലേക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ശേഷിക്കുന്ന 18 വാട്ടർ ടെണ്ടറുകളുടെ ഫാബ്രിക്കേഷൻ ജോലികൾ പൂർത്തിയായി വരികയാണ്. കൂടാതെ 2015-16 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽനിന്നും 7,20,00,000 രൂപ വിനിയോഗിച്ച് 5 എമർജൻസി ടെണ്ടർ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികളും പുരോഗമിച്ചുവരികയാണ്.

(സി) സ്കൈലിഫ്റ്റ്/ഏരിയൽ ലാഡർ പ്ലാറ്റ്ഫോം വാങ്ങുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. നഗര അഗ്നിസുരക്ഷാ പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരത്ത് ചാല, എറണാകുളത്ത് ഹൈക്കോടതി ജംഗ്ഷൻ, കോഴിക്കോട് മിഠായി തെരുവ് എന്നിവിടങ്ങളിൽ സാറ്റലൈറ്റ് ഫയർ ഔട്ട് പോസ്റ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) 2012-13 സാമ്പത്തിക വർഷം 850 ലക്ഷം രൂപ വകയിരുത്തിയതിൽ ഒന്നും ചെലവഴിക്കുകയുണ്ടായില്ല. ടി തുക സറണ്ടർ ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly